ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 07.02.2025

## പ്രധാനവാർത്തകൾ

1). കേരളം മെച്ചപ്പെട്ട ധനസ്ഥിതിയിൽ എത്തിയെന്ന പ്രതീക്ഷ പകരുന്ന 2025-26 ലെ സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു. കേരളം അതിവേഗ വളർച്ചയുടെ പാതയിലാണെന്ന് ധനമന്ത്രി.

2) വയനാട് പുനരധിവാസത്തിന് 750 കോടി രൂപ വകയിരുത്തി. ജീവനക്കാർക്കും, പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത. ശമ്പള പരിഷ്കരണ കുടിശികയും അനുവദിക്കും.

3) നഗരവികസനത്തിന് ബജറ്റിൽ മുൻഗണന. ലൈഫ് പദ്ധതിയിലൂടെ വരും വർഷം ഒരു ലക്ഷം വീടുകൾ. കൊല്ലത്തും, കൊട്ടാരക്കരയിലും പുതിയ ഐ.ടി. പാർക്കുകൾ. കിഫ്ബിയെ വരുമാനമുള്ള സ്ഥാപനമാക്കി മാറ്റുമെന്നും ധനമന്ത്രി.

4) റവന്യു വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ. കോടതി ഫീസുകളും, ഭൂനികുതിയും വർദ്ധിപ്പിച്ചു. വൈദ്യുത വാഹനങ്ങളുടെ നികുതിയിലും വർദ്ധന.

RNUTVPM

5) ബജറ്റ് നവകേരള നിർമാണത്തിന് കുതിപ്പേകുമെന്ന് മുഖ്യമന്ത്രി. ധനസ്ഥിതി മെച്ചപ്പെട്ടെന്ന വാദം കാപട്യമെന്ന് കോൺഗ്രസ്. ജനങ്ങളെ നിരാശയിലാക്കുന്ന ബജറ്റെന്ന് ബിജെപി.

6) ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള പോലീസ് അന്വേഷണം നിർത്തിവെക്കണമെന്ന ആവശ്യം തള്ളി സുപ്രീം കോടതി.

7) ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ നാളെ.

========================================

**ബജറ്റ് ജനറൽ**

രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ച് സംസ്ഥാനം മെച്ചപ്പെട്ട ധനസ്ഥിതിയിലേക്ക് എത്തിയെന്ന ശുഭാപ്തി വിശ്വാസം പകർന്ന് 2025-26 ലെ സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ

അവതരിപ്പിച്ചു. ജനക്ഷേമത്തിനും, വരുമാന വർദ്ധനയ്ക്കുമുള്ള മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി പ്രായോഗികതയിലൂന്നിയുള്ള

താണ് സംസ്ഥാന ബജറ്റ്. കേരളം അതിവേഗ വളർച്ചയുടെ പാതയിലാണെന്ന് പറഞ്ഞ ധനമന്ത്രി സംസ്ഥാനത്തിൻറെ വളർച്ചാ നിരക്ക് ഇനിയും മെച്ചപ്പെടുമെന്ന

ആത്മവിശ്വാസവും പങ്കുവച്ചു.

(ഹോൾഡ്...........)

വയനാട് പുനരധിവാസം, സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കുമുള്ള ആനുകൂല്യ വിതരണം, അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവയ്ക്ക് പ്രധാന്യം

നൽകിക്കൊണ്ടാണ്, രണ്ടാം പിണറായി സർക്കാരിൻറെ അവസാന സമ്പൂർണ ബജറ്റ് ധനമന്ത്രി ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചത്.

RNU TVPM

==========================================

**<u>ബജറ്റ് - വയനാട് പുനരധിവാസം</u>**

വയനാട് പുനരധിവാസത്തിനായി ബജറ്റിൽ 750 കോടി രൂപ വകയിരുത്തി. പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും ധനമന്ത്രി അറിയിച്ചു. പുനരധിവാസത്തിന് 2221 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രത്തിൽ നിന്നും നീതിപൂർവ്വമായ സഹായം ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നതായും ധനമന്ത്രി പറഞ്ഞു.

==========================================

**<u>ബജറ്റ് - ഡി.എ</u>**

ജീവനക്കാരുടെയും പെൻഷൻകാരുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ധനമന്ത്രി വ്യക്തമാക്കി. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശികയുടെ രണ്ട് ഗഡു ഈ സാമ്പത്തിക വർഷം തന്നെ പി.എഫിൽ ലയിപ്പിക്കും. സർവ്വീസ് പെൻഷൻ പരിഷ്കരണ കുടിശികയുടെ അവസാന ഗഡു ഈ മാസം തന്നെ നൽകുമെന്നും ധനമന്ത്രി അറിയിച്ചു. ജീവനക്കാർക്കും, പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത കൂടി ഏപ്രിൽ മാസത്തിൽ അനുവദിക്കും. രണ്ട് ഗഡു ഡി എ കുടിശികയുടെ ലോക്കിങ് കാലാവധി ഒഴിവാക്കും. ദിവസ വേതനക്കാരുടെയും കരാർ ജീവനക്കാരുടെയും വേതനം 5 ശതമാനം വർദ്ധിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

**(ഹോൾഡ്..........)**

PNU TVPM

കേന്ദ്ര സർക്കാരിൻറെ യു.പി.എസ് മാതൃകയും, ഇതര സംസ്ഥാനങ്ങളുടെ മാതൃകകളും പരിശോധിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കായി അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പാക്കുമെന്നും ധനമന്ത്രി ഉറപ്പ് നൽകി.

==========================================

**<u>ബജറ്റ് - നഗരവികസനം</u>**

സംസ്ഥാനം അതിവേഗം നഗരവത്കരിക്കപ്പെടുന്ന സാഹചര്യം പരിഗണിച്ച് പശ്ചാത്തല വികസനത്തിന് സർക്കാർ വളരെയേറെ പ്രാധാന്യം നൽകുമെന്നും ധനമന്ത്രി വ്യക്തമാക്കി.
തിരുവനന്തപുരം മെട്രോയുടെ പ്രാരംഭ നടപടികൾ ഈ വർഷം തന്നെ ആരംഭിക്കും. കൊച്ചി മെട്രോയുടെ വികസനം ഉറപ്പുവരുത്തുന്നതിനൊപ്പം കോഴിക്കോട് മെട്രോയും യാഥാർഥ്യമാക്കും. കൊച്ചിയും, കോഴിക്കോടും, തിരുവനന്തപുരവും കേന്ദ്രീകരിച്ച് നഗര വികസനത്തിനായി മെട്രോ പൊളിറ്റൻ കമ്മിറ്റികൾ രൂപീകരിക്കും. വിഴിഞ്ഞം പദ്ധതിയുടെ 2,3,4 ഘട്ടങ്ങൾ 2028 ഡിസംബറോടെ പൂർത്തിയാക്കും. തെക്കൻ കേരളത്തിൽ പുതിയ കപ്പൽ നിർമാണശാല ആരംഭിക്കുന്നതിന് കേന്ദ്ര സഹായം തേടും. പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കായി 3,061 കോടി രൂപയും ബജറ്റിൽ വകയിരുത്തി. വിഴിഞ്ഞം - കൊല്ലം - പുനലൂർ ത്രികോണ വികസന പദ്ധതിക്കായി 1,000 കോടി രൂപയും നീക്കി വച്ചു. സംസ്ഥാനത്ത് ആറുവരി ദേശീയപാതയുടെ നിർമാണം ഈ വർഷം പൂർത്തിയാക്കും. സംസ്ഥാന പാതകളുടെ പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുമെന്നും, തീരദേശ പാതയുടെയും മലയോരപാതയുടെയും നിർമാണ പുരോഗതി തുടർച്ചയായി വിലയിരുത്തുമെന്നും ധനമന്ത്രി അറിയിച്ചു.

RNU TVPM

==========================================

## ബജറ്റ് ഐ.ടി

ഐ.ടി മേഖലയ്ക്ക് വളരെയേറെ പ്രാധാന്യമാണ് ബജറ്റിൽ നൽകിയിരിക്കുന്നത്. കൊല്ലത്തും, കൊട്ടാരക്കരയിലും പുതിയതായി ഐ.ടി. പാർക്കുകൾ ആരംഭിക്കുമെന്ന് ധനമന്ത്രി പറഞ്ഞു. കണ്ണൂർ ഐ.ടി പാർക്കിന് സംസ്ഥാന സർക്കാർ ഇതിനകം തന്നെ ഭരണാനുമതി നൽകിക്കഴിഞ്ഞു. സംസ്ഥാനത്ത് പുതിയ ഐ.ടി നയം അന്തിമഘട്ടത്തിലാണെന്നും ധനമന്ത്രി വ്യക്തമാക്കി. 517 കോടി രൂപയാണ് ഐ.ടി മേഖലയ്ക്കായി ബജറ്റിൽ നീക്കി വച്ചത്.

==============================================

## ബജറ്റ് - കേരള ധനസ്ഥിതി

തനത് നികുതി വർധനയുടെ ഫലമായാണ് കേരളത്തിൻറെ ധനസ്ഥിതി മെച്ചപ്പെട്ടതെന്നും ധനമന്ത്രി പറഞ്ഞു. ധനക്കമ്മി 2.9 ശതമാനമായും റവന്യൂ കമ്മി 1.58 ശതമാനമായുംകുറയ്ക്കാൻ സാധിച്ചു. പൊതുകടം കുറയ്ക്കാനും, തനത് വരുമാനം വർദ്ധിപ്പിക്കാനും സർക്കാരിന് സാധിച്ചു. സംസ്ഥാനത്തിന്റെ ധനഞെരുക്കത്തിന് കാരണം കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായ അവഗണനയാണെന്നും ശ്രീ ബാലഗോപാൽ പറഞ്ഞു. **ഒരു ലക്ഷത്തി 52,351 കോടി** രൂപയുടെ റവന്യൂ വരുമാനവും, **ഒരു ലക്ഷത്തി 79,476 കോടി**യുടെ ചെലവുമാണ് സംസ്ഥാനത്ത് അടുത്ത സാമ്പത്തിക വർഷത്തിൽ കണക്കാക്കുന്നത്.

==============================================

## ബജറ്റ് - വിഭവ സമാഹരണം - (ഇൻട്രോ)

സംസ്ഥാനത്തിൻറെ റവന്യു വരുമാനം വർദ്ധിപ്പിക്കുന്നതിന് നിരവധി പ്രഖ്യാപനങ്ങളും ബജറ്റിലുണ്ട്. രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം കോടതി ഫീസുകൾ വർദ്ധിപ്പിച്ചതും, ഭൂനികുതിയിലെ പരിഷ്കരണവും ഇതിൽ ഉൾപ്പെടുന്നു.

RNU TVPM

**വിശദാംശങ്ങളിലേക്ക്....**

**(വോയിസ്...........)**

ഭൂനികുതി സ്ലാബുകളിലെ നിരക്കുകൾ 50 ശതമാനം വർധിപ്പിച്ചതായി ധനമന്ത്രി പറഞ്ഞു. 100 കോടിയുടെ അധികവരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. സർക്കാർ ഭൂമിയുടെ പാട്ട തുകയും വർധിപ്പിച്ചിട്ടുണ്ട്. കോടതി ഫീസുകൾ പരിഷ്ക്കരിക്കും. ഇതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ നികുതി 50 ശതമാനം വർധിപ്പിച്ചതിലൂടെ 55 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നതായും ധനമന്ത്രി പറഞ്ഞു. വൈദ്യുത വാഹനങ്ങളുടെ നികുതിയും വർദ്ധിപ്പിച്ചു. 20 ലക്ഷത്തിലധികം വിലയുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് വാഹനവിലയുടെ 10 ശതമാനവും, 15 ലക്ഷത്തിന് മുകളിൽ വിലയുള്ള വാഹനങ്ങൾക്ക് വിലയുടെ 8 ശതമാനവുമായിരിക്കും നികുതി. സ്റ്റേജ് ക്യാരേജ് ബസുകളുടെ ത്രൈമാസ നികുതി 10 ശതമാനം കുറയും. കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി ഘടന ഏകീകരിക്കുന്നതിലൂടെ 15 കോടി രൂപയുടെ അധികവരുമാനവും സർക്കാർ പ്രതീക്ഷിക്കുന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി....

==============================================

**<u>കിഫ്ബി</u>**

കിഫ്ബിയെ വരുമാനമുള്ള സ്ഥാപനമാക്കി മാറ്റാൻ പഠനങ്ങൾ നടത്തുമെന്നും ധനമന്ത്രി അറിയിച്ചു. 87,436 കോടി രൂപയുടെ 1,147 പദ്ധതികൾക്കാണ് കിഫ്ബിയിലൂടെ ഇത് വരെ അംഗീകാരം നൽകിയിരിക്കുന്നത്.

==============================================

RJU TVPM

## ബജറ്റ് – വീടുകൾ

ലൈഫ് പദ്ധതിയിലൂടെ ഒരു ലക്ഷം വീടുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കും. ഭവന നിർമാണ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി സഹകരണ ഭവന പദ്ധതിയും ബജറ്റിൽ പ്രഖ്യാപിച്ചു. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം 15,980 കോടി രൂപയായും ബജറ്റിൽ വർദ്ധിപ്പിച്ചു.

==========================================

## ബജറ്റ് – ആരോഗ്യം

2025 -26 വർഷത്തിൽ ആരോഗ്യമേഖലയ്ക്ക് 10,431 കോടി രൂപ നീക്കി വച്ചതായി ധനമന്ത്രി അറിയിച്ചു. കാരുണ്യ പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ 700 കോടി രൂപ നീക്കി വച്ചു. വയോജന പരിപാലനത്തിനായി 50 കോടി രൂപയും വകയിരുത്തി. മുതിർന്ന പൗരന്മാർക്ക് ഓപ്പൺ എയർ വ്യായാമ കേന്ദ്രങ്ങൾ ഒരുക്കുമെന്നും ധനമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചു.

RNU TVPM

==========================================

## ബജറ്റ് – പ്രവാസി

പ്രവാസികളും നാടുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ ലോക കേരള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപയും ബജറ്റിൽ വകയിരുത്തി. ഒട്ടേറെ മലയാളികൾ വിദേശത്ത് മെച്ചപ്പെട്ടതല്ലാത്ത സാഹചര്യത്തിൽ പണിയെടുക്കുന്നതായും, എല്ലാത്തരം പ്രവാസങ്ങളെയും കണ്ണുമടച്ച് പ്രോത്സാഹിപ്പിക്കുന്ന സമീപനം തിരുത്തണമെന്നും ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

==========================================

## ബജറ്റ് – കെ ഹോം പദ്ധതി

ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി കെ ഹോം പദ്ധതി ആവിഷ്കരിക്കും. സംസ്ഥാനത്ത് ഒഴിഞ്ഞുകിടക്കുന്ന വീടുകൾ പരിപാലിച്ച് വിനോദ

സഞ്ചാരികൾക്ക് മിതമായ നിരക്കിൽ താമസ സൗകര്യമൊരുക്കുന്ന പദ്ധതിക്കായി അഞ്ച് കോടി രൂപ ബജറ്റിൽ വകയിരുത്തി.

==========================================

**ബജറ്റ് - വകയിരുത്തൽ - (ഇൻട്രോ)**

കൃഷിക്കും, അനുബന്ധ മേഖലകൾക്കും ബജറ്റിൽ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി 227.40 കോടി രൂപയാണ് വകയിരുത്തിയത്

**ഒരു റിപ്പോർട്ട്.....**

**(വോയിസ്.....)**

നെല്ല് വികസനത്തിന് 150 കോടി രൂപയും ക്ഷീര വികസനത്തിന് 120 കോടി രൂപയും മത്സ്യമേഖലയ്ക്ക് 295 കോടി രൂപയും ബജറ്റിൽ വകയിരുത്തി. ശുചിത്വ കേരളത്തിന് 30 കോടി രൂപയും കുടുംബശ്രീയ്ക്ക് 270 കോടിയും അനുവദിച്ചു. കെ.എസ്.ഇ.ബിക്ക് 1,088 കോടിയും, ഗതാഗത മേഖലയ്ക്ക് 2065 കോടിയും വകയിരുത്തി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് 1000 കോടി രൂപയും പട്ടികവർഗ വികസന പദ്ധതികൾക്കായി 1020 കോടി രൂപയുമാണ് ബജറ്റിൽ പ്രഖ്യാപിച്ചത്. തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 100 കോടി രൂപയും, ഗ്രാമവികസന മേഖലയ്ക്ക് 7,099 കോടി രൂപയുമാണ് നീക്കിവച്ചത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 10.5 കോടി തൊഴിൽ ദിനങ്ങൾ വരുംവർഷം സൃഷ്ടിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

ന്യൂസ് ഡെസ്ക്, ആകാശവാണി...

==========================================

PNUTVPM

## ബജറ്റ് - വന്യജീവി സംരക്ഷണം

വനം - വന്യജീവി സംരക്ഷണത്തിന് **305.61 കോടി** രൂപ ബജറ്റിൽ അനുവദിച്ചു. RRT സംഘത്തിൻ്റെ എണ്ണം 28 ആയി വർധിപ്പിച്ചു. വന്യജീവി ആക്രമണം തടയാൻ 50 കോടി രൂപയുടെ പദ്ധതി ആരംഭിക്കുമെന്നും പ്രഖ്യാപനമുണ്ട്.

==========================================

## പൊതു വിദ്യാഭ്യാസം - ബജറ്റ്

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗവേഷണ നടത്തുന്ന വിദ്യാർത്ഥികൾക്കായി പ്രതിമാസം 10,000 രൂപയുടെ CM - RESEARCHERS SCHOLARSHIP പദ്ധതി പ്രഖ്യാപിച്ചു. പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് ആകെ 2,391 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയത്. സ്കൂൾ യൂണിഫോം പദ്ധതിയ്ക്ക് 150 കോടി രൂപയും ഉച്ചഭക്ഷണ പദ്ധതിക്ക് 402 കോടിയും അനുവദിച്ചു.

==========================================

## ബജറ്റ് -കാലാവധി കഴിഞ്ഞവ

ശബരിമല തീർത്ഥാടന കേന്ദ്രത്തിൻറെ വികസനത്തിനായി 1,033 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുമെന്നും ധനമന്ത്രി അറിയിച്ചു. തിരൂർ തുഞ്ചൻ പറമ്പിൽ എം ടി സ്മാരകത്തിന്റെ ആദ്യ ഘട്ടത്തിന് 5 കോടി രൂപ പ്രഖ്യാപിച്ചു . വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി അഞ്ച് കോടി രൂപയും കൊച്ചി മുസിരിസ് ബിനാലെയുടെ 2025-26 എഡിഷനായി 7 കോടി രൂപയും വകയിരുത്തി.

==========================================

## ബ്രേക്ക്...........

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

RNU TVPM

**ബജറ്റ് – മുഖ്യമന്ത്രി**

നവകേരള നിർമ്മാണത്തിന് കുതിപ്പു നൽകാൻ കഴിയുന്നതാണ് സംസ്ഥാന ബജറ്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബദൽ വിഭവസമാഹണത്തിൻറെ വഴികൾ കണ്ടെത്തി കേരളം അതിജീവിക്കും എന്നതിന്റെ തെളിവുരേഖ കൂടിയാണ് ബജറ്റെന്നും മുഖ്യമന്ത്രി പറഞ്ഞു.

==========================================

**ബജറ്റ് – പ്രതികരണം – (ഇൻട്രോ)**

സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതായുള്ള ധനമന്ത്രിയുടെ പ്രസ്താവന കാപട്യമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രതികരിച്ചു. ഭൂനികുതിയിൽ ഭീകര കൊള്ളയാണെന്നും കടബാധ്യത തീർക്കാനുള്ള വിഹിതം പോലും ബജറ്റിൽ ഇല്ലെന്നും പ്രതിപക്ഷ നേതാവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**(ഹോൾഡ് ഫോർ ബൈറ്റ് ...........)**

ബജറ്റിൽ ഇലക്ട്രിക് വാഹനങ്ങളുടെ നികുതി കൂട്ടിയത് കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കാനുള്ള കേരളത്തിൻറെ ശ്രമങ്ങൾക്ക് തിരിച്ചടിയാണെന്ന് കെപിസിസി അധ്യക്ഷൻ കെ സുധാകരൻ പ്രതികരിച്ചു. ജനങ്ങളെ നിരാശയിലാക്കുന്നതാണ് സംസ്ഥാന ബജറ്റെന്നും കേരളത്തിൻ്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്ന ഒരു നിർദ്ദേശവും ബജറ്റിൽ ഇല്ലെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രതികരിച്ചു. കേന്ദ്രവിഹിതം കൃത്യമായി വിനിയോഗിക്കുന്നില്ല എന്നതാണ് സംസ്ഥാന ബജറ്റ് പ്രഖ്യാപനത്തിലൂടെ മനസിലാകുന്നതെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ വിമർശിച്ചു.

==========================================

RNUTVPM

## സാമ്പത്തിക അവലോകന റിപ്പോർട്ട്

സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും വളർച്ച മെച്ചപ്പെട്ടതായി വ്യക്തമാക്കുന്ന 2024 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് ധനമന്ത്രി ബജറ്റിന് മുന്നോടിയായി നിയമസഭയുടെ മേശപ്പുറത്തു വച്ചു. സംസ്ഥാനം സ്വീകരിച്ച നയപരമായ സമീപനങ്ങൾക്ക് ഇതിൽ സുപ്രധാന പങ്കുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ സാമ്പത്തിക അവലോകന റിപ്പോർട്ട് നിയമസഭയിൽ മുൻകൂട്ടി സമർപ്പിക്കാത്തതിൽ പ്രതിപക്ഷം ക്രമപ്രശ്നം ഉന്നയിച്ചു. പ്രതിപക്ഷത്തിൻറെ ആവശ്യം ന്യായമാണെന്നും, റിപ്പോർട്ട് മുൻകൂറായി നൽകാൻ ഭാവിയിൽ ക്രമീകരണം ഒരുക്കണമെന്നും സ്പീക്കർ എ.എൻ ഷംസീർ ധനവകുപ്പിന് നിർദ്ദേശം നൽകി.

==========================================

## ബജറ്റ് പ്രത്യേക പരിപാടി

സംസ്ഥാന ബജറ്റുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി ഇന്ന് രാത്രി 7.35 ന് കേൾക്കാം.

==========================================

## ഹേമ കമ്മിറ്റി - സുപ്രീംകോടതി

ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ മുമ്പാകെയുള്ള മൊഴികളിൻമേൽ പോലീസ് അന്വേഷണം നിർത്തിവെക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി. സാക്ഷികളും അതിജീവിതകളും നൽകിയ മൊഴികളുടെ അടിസ്ഥാനത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങളിൽ ഇടപെടാൻ സാധിക്കില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ചലച്ചിത്ര നിർമ്മാതാവ് സജിമോൻ പാറയിലും, മൊഴി നൽകിയ രണ്ട് നടിമാരും സമർപ്പിച്ച ഹർജി തീർപ്പാക്കിക്കൊണ്ടാണ് സുപ്രീം കോടതി ഉത്തരവ്.

RNUTVPM

=========================================

**<u>സിയാൽ-കുട്ടിയുടെ മരണം</u>**

കൊച്ചി വിമാനത്താവളത്തിന്റെ ആഭ്യന്തര ടെർമിനലിന് സമീപം മാലിന്യക്കുഴിയിൽ വീണ് രാജസ്ഥാൻ സ്വദേശിയായ മൂന്ന് വയസുള്ള കുട്ടി മരിച്ചു. കുട്ടിയെ കാണാതായത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നടത്തിയ തിരച്ചിലിൽ, പൊതുജനങ്ങൾക്ക് പ്രവേശനമില്ലാത്ത സ്ഥലത്തെ മാലിന്യക്കുഴിയിൽ കുട്ടി വീണതായി കണ്ടെത്തുകയായിരുന്നു.

=========================================

**<u>ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ്</u>**

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. ഒരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ മാസം അഞ്ചിനാണ് ഡൽഹിയിലെ 70 അംഗ നിയമസഭയിലേക്ക് വോട്ടെടുപ്പ് നടന്നത്.

=========================================

**<u>ആർബിഐ - റിപ്പോ നിരക്ക്</u>**

റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിന്ന് 6.25 ശതമാനമായി കുറച്ച് റിസർവ് ബാങ്ക്. അഞ്ചുവർഷത്തിനിടെ ആദ്യമായാണ് അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ ആർ.ബി.ഐ കുറവ് വരുത്തുന്നത്. വായ്പാ പലിശ നിരക്കുകൾ ഇതുമൂലം കുറയും.

=========================================

**<u>ബജറ്റ് - പാർലമെൻറ്</u>**

കേന്ദ്ര ബജറ്റിന്മേലുള്ള പൊതു ചർച്ച ലോക് സഭയിൽ ഇന്ന് നടന്നു. നിരവധി ഭരണ-പ്രതിപക്ഷ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. സ്വകാര്യ ബില്ലുകളാണ് രാജ്യസഭ ഇന്ന് പരിഗണിച്ചത്.

=========================================

PINU TVPM

**<u>മാരാമൺ കൺവെൻഷൻ</u>**

130-ാ മത് മാരാമൺ കൺവെൻഷന് മറ്റന്നാൾ തുടക്കമാകും. മലങ്കര മാർത്തോമാ സുറിയാനി സഭയുടെ പരമാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യും. പമ്പാ നദീതീരത്ത് ഈ മാസം 16 വരെയാണ് കൺവെൻഷൻ. തീർത്ഥാടകരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.ടി.സി. പ്രത്യേക സർവ്വീസ് നടത്തുന്നുണ്ട്.

==========================================

**<u>ജോർജ് കുര്യൻ</u>**

കന്യാകുമാരി - പുനലൂർ - കന്യാകുമാരി ട്രെയിന് പരവൂരിൽ നാളെ മുതൽ സ്റ്റോപ്പ് അനുവദിക്കും. പരവൂരിൽ എത്തുന്ന ട്രെയിനിൻറെ ഫ്ളാഗ് ഓഫ് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവ്വഹിക്കും.

RNU TVPM

==========================================

**<u>സംസ്ഥാനം - താപനില</u>**

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

==========================================

## ദേശീയ ഗെയിംസ്

38 മത് ദേശീയ ഗെയിംസ്, പുരുഷ ഫുട്ബോൾ ഫൈനലിൽ കേരളം ഉത്തരാഖണ്ഡിനെ നേരിടുന്നു. ഹൽദ്വാനിയിലെ ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സിലാണ് മത്സരം. ദേശീയ ഗെയിംസിൽ, നിലവിൽ സർവീസസ് ഒന്നാം സ്ഥാനത്തും, കർണാടക രണ്ടാം സ്ഥാനത്തും, മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. 9 സ്വർണ്ണമുൾപ്പെടെ 25 മെഡലുകളുമായി ഒൻപതാം സ്ഥാനത്താണ് കേരളം.

==========

==============================

===============================================

RNU TVPM